**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4133** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഹോട്ടലുകളിൽ പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കുന്നത് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹോട്ടലുകളിൽ പാർസൽ കൊടുക്കുമ്പോൾ പ്ലാസ്റ്റിക് കവറുകളിൽ ചൂടുള്ള കറിയും മറ്റ് ആഹാരപദാർത്ഥങ്ങളും പൊതിഞ്ഞുകൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ പ്രതിവിധിയായി അലുമിനിയം ഫോയിൽ പേപ്പറുകൾ ഉപയോഗിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ; | (എ) | 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, Packaging Regulation 2018 Clause 3 പ്രകാരം ഭക്ഷണവുമായി സമ്പർക്കത്തിൽ വരുന്ന എല്ലാ പാക്കേജിംഗ് മെറ്റീരിയലുകളും Packaging Regulation 2018 ലെ Schedule I, II, III ലെ വ്യവസ്ഥകൾ പാലിയ്ക്കേണ്ടതാണ്. പാക്കേജിംഗ് മെറ്റീരിയൽസിന്റെ ഗുണമേന്മയെപ്പറ്റിയും ഈ റെഗുലേഷനിൽ പരാമർശിയ്ക്കുന്നുണ്ട്. ന്യൂസ് പേപ്പർ അല്ലെങ്കിൽ അത്തരം പ്രിന്റഡ് പേപ്പറുകൾ ഭക്ഷണവുമായി നേരിട്ട് സമ്പർക്കത്തിൽ വരാൻ പാടുള്ളതല്ല. **2023-24** വർഷത്തിൽ പാക്കേജിംഗ് മെറ്റീരിയൽസിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി Plastic container, butter paper, aluminum foil, paper cover, paper cup, plastic sheet, PLA&PET packaging material, HDPE cover എന്നിവയുടെ സാമ്പിളുകൾ ശേഖരിക്കുകയും Edward Food Research Analysis Centre Ltd., Kolkata യിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. ടി സാമ്പിളുകൾ എല്ലാം ‘Conform to the Standards’ എന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. ഗുണനിലവാരമുള്ള പാക്കേജിംഗ് മെറ്റീരിയൽസ് ഉപയോഗിക്കുന്നതിനും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഭക്ഷ്യ സംരംഭകരെ ബോധവാൻമാരാക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും, സംസ്ഥാന തലത്തിലും അവബോധ ക്ലാസുകൾ സംഘടിപ്പിയ്ക്കുകയും ചെയ്തിരുന്നു. ആയതിൽ ഈ മേഖലയിലെ വിവിധ സംഘടനകളെ പങ്കെടുപ്പിയ്ക്കുകയുണ്ടായി.<br><br>ഗുണനിലവാരമുള്ള പാക്കേജിംഗ് മെറ്റീരിയൽസ് ഉപയോഗിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും പരിശോധനകളിൽ അത് പാലിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്ത് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | തട്ടുകടകളിൽ പ്ലേറ്റിനുമുകളിൽ പ്ലാസ്റ്റിക് കവർ വച്ചുകൊണ്ട് ആഹാരപദാർത്ഥങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | തട്ടുകടകൾ കേന്ദ്രീകരിച്ച് പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്താറുള്ളതും പ്ലേറ്റിനുമുകളിൽ പ്ലാസ്റ്റിക് കവർ വച്ചുകൊണ്ട് ആഹാരപദാർത്ഥങ്ങൾ നൽകുന്ന തരത്തിലുള്ള അനാരോഗ്യകരമായ പ്രവണതകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാറുമുണ്ട്. കൂടാതെ തട്ടുകട നടത്തുന്നവരെ കേന്ദ്രീകരിച്ച് പ്രത്യേക പരിശീലന പരിപാടികളും സംഘടിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ